**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2516** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻസിനറേറ്ററുകൾ തദ്ദേശീയമായി നിർമ്മിക്കുന്നതിന് വ്യവസായവകുപ്പിന്റെ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തുണ്ടാകുന്ന നഗര മാലിന്യങ്ങൾ ശേഖരിച്ച് ഉറവിട മാലിന്യ സംസ്കരണം നടത്തുന്നതിന് വേണ്ടിയുള്ള ചെറിയ പ്ലാന്റുകളും മറ്റുപകരണങ്ങളും വ്യാവസായികമായി നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതികൾ വ്യവസായ വകുപ്പ് തയ്യാറാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വ്യവസായ വകുപ്പ് ഇപ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഇത്തരം പ്ലാന്റുകൾ നിർമ്മിക്കുന്ന സംരംഭങ്ങൾ തുടങ്ങുന്നവർക്ക് സഹായം നൽകുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി കഴിയുന്നതാണ്. |
| (ബി) | ഖരമാലിന്യങ്ങളും ,ആശുപത്രി മാലിന്യങ്ങളും അശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി മറ്റു രാജ്യങ്ങളിലെ മാതൃകകൾ പരിശോധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് നിലവാരമുള്ള ഇൻസിനറേറ്ററുകൾ തദ്ദേശീയമായ രീതിയിൽ നിർമ്മിച്ചെടുക്കാൻ വ്യവസായവകുപ്പ് മുൻകൈയെടുക്കുമോ; വിശദമാക്കാമോ; | (ബി) | ഇൻസിനറേറ്ററുകൾ തദ്ദേശീയമായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ ഇപ്രകാരമുള്ള പദ്ധതി നിർദ്ദേശം ലഭിക്കുന്നപക്ഷം ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇൻസിനറേറ്ററുകൾ ഉത്പാദിപ്പിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. തദ്ദേശീയമായ രീതിയിൽ ഇൻസിനറേറ്ററുകൾ നിർമ്മിക്കുന്ന സംരംഭങ്ങൾ തുടങ്ങുന്നവർക്ക് സഹായം നൽകുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ വഴി കഴിയുന്നതുമാണ്. |
| (സി) | ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനം നടത്തി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമക്കാമോ? | (സി) | മേൽ (ബി) പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ